(ഡി) വാത്സല്യനിധി പദ്ധതി, വായ്പ എഴുതി തള്ളൽ പദ്ധതി എന്നിവയ്ക്കുള്ള പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്. വാത്സല്യനിധി പദ്ധതിയ്ക്കായി ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 2225-01-102-95 (പ്ലാൻ) എന്ന ശീർഷകത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷനായി അനുവദിച്ചിട്ടുണ്ട്. വിദ്യാജ്യോതി പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സ്മൃതി വനം പദ്ധതി നടപ്പിലാക്കാൻ 180.44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ വിജിലൻസ് അന്വേഷണം

**300 (998)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ജീവനക്കാരുടെ സംഘടന ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് മന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) സ്ത്രീ ജീവനക്കാരിയെ ജാതിപറഞ്ഞു ആക്ഷേപിച്ചുവെന്ന പരാതിയിന്മേൽ ഡി.റ്റി.പി.സി. സെക്രട്ടറി അന്വേഷണം നേരിടുന്നുണ്ടോ ; എങ്കിൽ അന്വേഷണം ഏത് ഘട്ടത്തിലെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ-സി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

## ടൂറിസം പദ്ധതി

**301 (999)** ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂതത്താൻകെട്ട്, തട്ടേക്കാട് പക്ഷിസങ്കേതം തുടങ്ങിയവയുമായി ബന്ധപ്പെടുത്തി വിപുലമായ ടൂറിസം പദ്ധതി നടപ്പാക്കുന്നത് പരിഗണിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly